# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 926

14.06.2012-ലെ
മറുപടിക്ക്.

### കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ദുർബല വിഭാഗങ്ങൾക്കുള്ള സംവരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രവിദ്യാഭ്യാസ അവകാശനിയമപ്രകാരം സ്കൂൾ പ്രവേശനത്തിന് ദുർബലവിഭാഗങ്ങൾക്ക് എത്ര ശതമാനം സംവരണമാണ് 2012-13 അധ്യയന വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ആയത് നിലവിൽ എത്ര ശതമാനമായിരുന്നു; വിശദമാക്കുമോ; | (എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 12(1) (സി) പ്രകാരം ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ചേർത്ത് മൊത്തം 25 ശതമാനം സംവരണമേർപ്പെടുത്തുവാനാണ് നിയമത്തിൽ വ്യവസ്ഥയുള്ളത്. |
| (ബി) സംസ്ഥാനത്തെ സർക്കാർ, എയിഡഡ്, അൺ എയിഡഡ് ന്യൂനപക്ഷ പദവിയുള്ള അൺ എയിഡഡ് സ്കൂളുകൾ എന്നിവിടങ്ങളിലെല്ലാം ഈ സംവരണം ബാധകമാണോ;<br><br>(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം എപ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ഇത്തരം സംവരണ പരിധിയിൽ നിന്നും ഒഴിവാക്കി യിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) യും (സി) യും:<br>വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അൺ എയ്ഡഡ് സ്കൂളുകൾക്കും സ്പെസിഫൈഡ് കാറ്റഗറി വിഭാഗത്തിൽപ്പെട്ട സ്കൂളുകൾക്കും ഈ സംവരണം ബാധകമാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 13.04.12-ലെ വിധിയിൽ ന്യൂനപക്ഷപദവിയുള്ളതും അല്ലാത്തതുമായ അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ ആക്ട് നിർബന്ധപൂർവ്വം നടപ്പാക്കാനാവില്ല എന്നും സമവായത്തിലൂടെയും പരസ്പര ധാരണയിലൂടേയും മാത്രമേ സംവരണം പരിഗണിക്കാനാകൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ വിശദമായി പരിശോധിച്ചു മാത്രമേ സർക്കാർ തീരുമാനമെടുക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | ദുർബല വിഭാഗത്തിലെ കുട്ടികൾക്ക് സംവരണം ലഭിക്കാനുള്ള മാനദണ്ഡം എപ്രകാരമാണ് വിലയിരുത്തിയിട്ടുള്ളത്; ഇതിൽ മുന്നോക്ക വിഭാഗത്തിലെ കുട്ടികളേയും ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | രക്ഷാകർത്താവിന്റെ വാർഷിക വരുമാനം 60,000/- രൂപയിൽ കുറവുള്ള കുട്ടികളെയാണ് ദുർബല വിഭാഗമായി പരിഗണിക്കുന്നത്. ഇത് മുന്നോക്ക വിഭാഗത്തിലെ കുട്ടികൾക്കും ബാധകമാണ്. |
| (ഇ) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗവൈകല്യമുള്ള കുട്ടികൾക്ക് എപ്രകാരമുള്ള സംവരണമാണ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഇ) | അംഗവൈകല്യമുള്ള കുട്ടികളുൾപ്പെടുന്ന 'ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിനും' ദുർബല വിഭാഗത്തിനും കൂടിയാണ് 25 ശതമാനം സംവരണം ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (എഫ്) | സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സിയോട്കൂടി കേന്ദ്ര സിലബസ് പഠിപ്പിക്കുന്ന വിദ്യാലയങ്ങൾക്കും സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംവരണം ബാധകമാണോ; വിശദമാക്കുമോ; | (എഫ്) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് സെക്ഷൻ 2(n)(111)-ൽ പെട്ട സ്പെസിഫൈഡ് കാറ്റഗറി, സെക്ഷൻ 2(n) (IV)-ൽപ്പെട്ട അൺ എയ്ഡഡ് സ്കൂളുകൾ എന്നീ വിഭാഗത്തിൽപ്പെട്ട എല്ലാ സ്കൂളുകൾക്കും സംവരണം നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. |
| (ജി) | 2012-13 മുതൽ ദുർബലവിഭാഗങ്ങൾക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംവരണം സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും നടപ്പിൽ വരുത്തിയെന്ന് ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ജി) | സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച ശേഷമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ